

**ക ത്തു ക ൾ**

# കഅ്ബ നിർമിച്ചത് ഇബ്റാഹീം നബി അല്ലെന്നോ?

'**സമ്പൂർണ** സമർപ്പണത്തിന്റെ ഹജ്ജ്' എന്ന ലേഖനത്തിലെ (2010 ഒക്ടോബർ 10) 'കഅ്ബ ഇബ്റാഹീം നബി പുനർനിർമിക്കുകയാണ് ചെയ്തതെന്ന അഭിപ്രായത്തിന് പ്രാമാണിക പിൻബലമില്ലെന്ന' പരാമർശത്തെ ചോദ്യം ചെയ്തുകൊണ്ട് ഹാരിസ് ബാലുശ്ശേരി എഴുതിയ കത്ത് വായിച്ചു (2010 നവംബർ 20). കഅ്ബാ നിർമാണവുമായി ബന്ധപ്പെട്ട് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെന്ന് സൂചിപ്പിച്ച ശേഷം ഒരഭിപ്രായത്തെ മുന്തിക്കുകയായിരുന്നു ഈ ലേഖകൻ.

ഇബ്റാഹീം നബി നടത്തിയത് കഅ്ബയുടെ പുനർനിർമാണമാണെന്ന് സ്ഥാപിക്കാൻ കത്തിലുദ്ധരിച്ച ഖുർആൻ സൂക്തങ്ങൾ തന്നെയാണ്, അദ്ദേഹം നടത്തിയത് നിർമാണമാണെന്നതിന്റെയും തെളിവുകൾ! ഇമാം ഇബ്നു കസീർ എഴുതുന്നു: "ഇബ്നു അബ്ബാസ്(റ) പറഞ്ഞത് പോലെ ജനങ്ങൾ ഈ മന്ദിരം (കഅ്ബ) സന്ദർശിച്ചില്ലെങ്കിൽ അല്ലാഹു ആകാശം കൊണ്ട് ഭൂമിയെ മൂടിക്കളയും. ഈ ശ്രേഷ്ഠത കഅ്ബയുടെ പ്രഥമ നിർമാതാവായ ഖലീലുർറഹ്മാന്റെ ശ്രേഷ്ഠത കൊണ്ട് ലഭിച്ചതാണ്. അല്ലാഹു പറയുന്നു: 'ഇബ്റാഹീമിന് നാം മന്ദിരത്തിന്റെ സ്ഥാനം നിർണയിച്ചുകൊടുത്ത സന്ദർഭം ഓർക്കുക' (*ഹജ്ജ്* 26). 'ജനങ്ങൾക്കുവേണ്ടി ആദ്യം നിർമിക്കപ്പെട്ട ഭവനം 'ബക്ക'യിലുള്ളതത്രെ' (*ആലുഇംറാൻ* 96). പ്രകൃത സൂക്തങ്ങളുടെയും *അൽബഖറ*യിലെ 'ഇബ്റാഹീമും ഇസ്മാഈലും മന്ദിരത്തിന്റെ അസ്ഥിവാരം ഉയർത്തിയപ്പോൾ' എന്ന് തുടങ്ങുന്ന 127-ാമത്തെ സൂക്തത്തിന്റെയും അടിസ്ഥാനത്തിൽ ഭൂരിഭാഗം പണ്ഡിതന്മാരും കഅ്ബ നിർമിച്ചത് ഇബ്റാഹീം നബിയാണെന്നാണ് അഭിപ്രായപ്പെടുന്നത്. സൂക്തങ്ങളിൽനിന്ന് നേർക്കുനേരെ മനസ്സിലാവുന്നതും അതാണ്. എന്നാൽ ചില റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനങ്ങൾ മാത്രമാണ് മറ്റഭിപ്രായങ്ങൾ. അതേപ്പറ്റി ഇമാം ഇബ്നു കസീർ എഴുതുന്നു: "പാപസുരക്ഷിതനായ പ്രവാചക(സ)നിൽനിന്ന്, കഅ്ബാലയം ഖലീലുല്ലാക്കും മുമ്പ് നിർമിക്കപ്പെട്ടിരുന്നുവെന്നു സൂചിപ്പിക്കുന്ന പ്രബലമായ ഒരു റിപ്പോർട്ടും വന്നിട്ടില്ല" (ഖസസുൽ അമ്പിയാഅ്, പേജ് 152).

മുസ്ലിമും നസാഈയും അൽപം വ്യത്യാസങ്ങളോടെ ഉദ്ധരിക്കുന്ന അബൂദർറിൽനിന്നുള്ള ഹദീസും ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്നതാണ്. ഖുർആൻ വ്യാഖ്യാതാവായ അത്വാഹിറുബ്നു ആശൂർ തന്റെ *അത്തഹ്രീർ വത്തൻവീറിൽ* എഴുതുന്നു: "കഅ്ബ ഈ പറയപ്പെട്ട എല്ലാ സവിശേഷതകളെയും സമാഹരിച്ചിരിക്കുന്നു. യഥാർഥ ഇബാദത്തിനുള്ള ആദ്യ ഭവനമാണത്. ബൈത്തുൽ മഖ്ദിസിനേക്കാൾ ഒമ്പത് നൂറ്റാണ്ടിന്റെ പഴക്കമുണ്ടതിന്. കാരണം ഇബ്റാഹീം നബി കഅ്ബ പണിതത് ക്രിസ്തുവിന് ആയിരത്തിത്തൊള്ളായിരം വർഷം മുമ്പാണ്. സുലൈമാൻ നബി ബൈത്തുൽ മഖ്ദിസ് പണിതത് ക്രിസ്തുവിന് ആയിരം വർഷം മുമ്പാണ്. ഇബ്റാഹീം സ്വന്തം കൈകൊണ്ടാണ് കഅ്ബ പണിതത്. ഒരു പ്രവാചകന്റെ കരം കൊണ്ടായിരുന്നു അതിന്റെ നിർമിതി. എന്നാൽ ബൈത്തുൽ മഖ്ദിസാകട്ടെ സുലൈമാൻ നബിയുടെ കൽപന പ്രകാരം തൊഴിലാളികളാണ് പണിതത്. *സഹീഹ് മുസ്ലിമിൽ* വന്നിരിക്കുന്നു: അബൂദർറിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ തിരുനബിയോട് ചോദിച്ചു: "ഏതു പള്ളിയാണ് ആദ്യം നിർമിക്കപ്പെട്ടത്?" തിരുനബി പറഞ്ഞു: "മസ്ജിദുൽ ഹറാം." "പിന്നെ ഏതാണ്?" "മസ്ജിദുൽ അഖ്സ" ഞാൻ ചോദിച്ചു. "അവക്കിടയിൽ എത്ര കാല ദൈർഘ്യമുണ്ട്?" നബി(സ) പറഞ്ഞു: "നാൽപത് വർഷം." ഇബ്റാഹീം നബിയും സുലൈമാൻ നബിയും തമ്മിൽ നൂറ്റാണ്ടുകളുടെ വ്യത്യാസമുണ്ടായിരിക്കെ എന്തുകൊണ്ടാണ് ഹദീസിൽ നാൽപത് വർഷമെന്ന് പറഞ്ഞതെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ആശയക്കുഴപ്പമുണ്ട്. ചില പണ്ഡിതന്മാർ അതിന് പറഞ്ഞ മറുപടി ഇബ്റാഹീം നബി ബൈത്തുൽ മഖ്ദിസിന്റെ സ്ഥാനത്ത് പള്ളി പണിതിരിക്കാമെന്നും അത് പുതുക്കി നിർമിക്കുകയാണ് സുലൈമാൻ നബി ചെയ്തതെന്നുമാണ്." ഈ ഹദീസിനെക്കുറിച്ച് ഇമാം ഖുർത്വുബി പറയുന്നു: "അതിൽ ഒരു ആശയക്കുഴപ്പമുണ്ട്. കാരണം ഖുർആന്റെ ഖണ്ഡിതമായ പ്രമാണങ്ങളനുസരിച്ച് മസ്ജിദുൽ ഹറാം പണിതിരിക്കുന്നത് ഇബ്റാഹീം നബിയാണ്. ഇബ്നു ഉമറി(റ)ൽനിന്ന് നസാഈ ഉദ്ധരിച്ച ഹദീസ് പ്രകാരം മസ്ജിദുൽ അഖ്സ്വ പണിതത് സുലൈമാൻ നബിയാണ്. അവർക്കിടയിൽ ആയിരം വർഷത്തെ കാലവ്യത്യാസമുണ്ട്. തുടർന്നദ്ദേഹം ഖുർആൻ സൂക്തവും പ്രകൃത ഹദീസും സൂചിപ്പിക്കുന്നത് ആദ്യ നിർമിതിയല്ല പുനർനിർമാണമാണെന്ന് വെച്ചാൽ ഈ ആശയക്കുഴപ്പം മാറിക്കിട്ടുമെന്ന് അഭിപ്രായപ്പെടുന്നു (*ശറഹുസ്സുയൂത്വിലി സുനനിന്നസാഇ*).

സൂറത്തുൽ ഹജ്ജിലെ, 'ഇബ്റാഹീമിന് നാം മന്ദിരത്തിന്റെ സ്ഥാനം നിർണയിച്ചുകൊടുത്തത് ഓർക്കുക'യെന്ന് തുടങ്ങുന്ന 26-ാമത്തെ സൂക്തമാണ് ഇബ്റാഹീം നബി പുനരുദ്ധാരണമാണ് നിർവഹിച്ചതെന്നതിന് ഉദ്ധരിക്കപ്പെടുന്ന മറ്റൊരു തെളിവ്! വീടിന്റെ സ്ഥാനം നിർണയിച്ചുകൊടുത്തു, കിണറിന്റെ സ്ഥാനം നിർണയിച്ചുവെന്നൊക്കെ പറഞ്ഞാൽ എന്താണർഥം? കാലഹരണപ്പെട്ട ഏതോ വീടിന്റെ സ്ഥാനം കാണിച്ചുകൊടുത്തുവെന്നാണോ അതോ പുതിയ വീട് ഉണ്ടാക്കാനുള്ള സ്ഥലം കാണിച്ചുകൊടുത്തുവെന്നോ?

'നിന്റെ ഭവനത്തിനടുത്ത് എന്റെ സന്തതികളിൽ ചിലരെ താമസിപ്പിച്ചിരിക്കുന്നു'വെന്ന (14:37) ഖുർആൻ സൂക്തമാണ് ഇബ്റാഹീം നബിക്ക് മുമ്പുതന്നെ കഅ്ബ നിലവിലുണ്ടായിരുന്നുവെന്ന ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന മറ്റൊരു തെളിവ്. ഇബ്റാഹീം നബി എപ്പോഴാണ് ഇങ്ങനെ പ്രസ്താവിച്ചത്? ഇമാം ഇബ്നു കസീർ എഴുതുന്നത്, കഅ്ബാ നിർമാണത്തിന് ശേഷം നടത്തിയ പ്രാർഥനയാണിതെന്നാണ്. 'അവർ നമസ്കാരം നില ►

# 'ഞങ്ങൾ ജമാഅത്തുകാരിൽനിന്ന് പണം വാങ്ങാറില്ല'

**മനുഷ്യന്റെ** സ്വഭാവചര്യകളെ പരമോന്നത തലങ്ങളിലെത്തിക്കുന്നത് അല്ലാഹുവിലുള്ള ദൃഢവിശ്വാസവും ഭക്തിയുമാണെങ്കിലും അതിനുള്ള ഊർജവും പ്രചോദനവും ലഭിക്കുന്നത് നിത്യജീവിതത്തിൽ പരുഷ യാഥാർഥ്യങ്ങളും പ്രതികൂല സാഹചര്യങ്ങളും നേരിടുമ്പോഴാണല്ലോ. യാത്ര അതിനുള്ള ധാരാളം അവസരങ്ങൾ നൽകുന്നു. പ്രവാചകന്മാരുടെയും മഹാത്മാക്കളുടെയും ജീവിതം മുഴുക്കെ യാത്രകളായിരുന്നുവെന്നാണല്ലോ ചരിത്രം. പ്രത്യേക ആവശ്യങ്ങൾക്കായാലും ഉല്ലാസത്തിനായാലും യാത്ര നമുക്ക് ധാരാളം പാഠങ്ങൾ പകർന്നുതരുന്നു. അപരിചിതമായ ചുറ്റുപാടുകളിൽ നമ്മുടെ പരിമിതികളും ദൗർബല്യങ്ങളും മനസ്സിലാക്കാനും നിർബന്ധിതാവസ്ഥകളിൽ കൂടുതൽ വിനയവും ഔദാര്യവും പുലർത്താനും അവസരം ലഭിക്കുന്നു. കെട്ടും ഭാണ്ഡങ്ങളുമായി യാത്ര ചെയ്യുമ്പോഴാണ് നമ്മുടെ നിസ്സഹായാവസ്ഥ കൂടുതൽ ബോധ്യമാവുക.

ഇന്ന് റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും ചുവന്ന തലപ്പാവും നീല ഷർട്ടും ധരിച്ച കൂട്ടരെ കാണുമ്പോൾ യാത്രക്കാരന്റെ മനസ്സിൽ തോന്നുന്ന അങ്കലാപ്പ് എന്തായിരിക്കുമെന്ന് ഇവിടെ വിവരിക്കേണ്ടതില്ലല്ലോ.

ദൽഹി ഹസ്രത്ത് നിസാമുദ്ദീൻ റെയിൽവേ സ്റ്റേഷനിൽ ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളുടെ സമ്മേളനം കഴിഞ്ഞ് മംഗള എക്സ്പ്രസിന് നാട്ടിലേക്ക് മടങ്ങാൻ ഞങ്ങൾ ആറു പേർ ഒരു ടാക്സിയിൽ വന്നിറങ്ങി. പെട്ടി സാധനങ്ങൾ ഇറക്കിവെച്ചപ്പോൾ ചുവന്ന തലപ്പാവും നീല ടീ ഷർട്ടും ധരിച്ച രണ്ട് പേർ വന്നു ഞങ്ങളുടെ കോച്ച് നമ്പർ ചോദിച്ച് സാധനങ്ങൾ എടുത്ത് നടക്കാൻ തുടങ്ങി. പ്ലാറ്റ് ഫോമിലെത്താൻ ഏണി കയറി ഇറങ്ങണം. കൂടെ ഉണ്ടായിരുന്ന മേലടി കെ.കെ മുഹമ്മദ് സാഹിബ് 'കൂലി പറയാതിരുന്നത് അബദ്ധമായി. ചോദിക്കുന്നത് കൊടുക്കേണ്ടിവരും. എന്തു ചെയ്യാനാണ്' എന്ന് പറഞ്ഞ് ഞങ്ങൾ അവരെ പിന്തുടർന്നു. പ്ലാറ്റ് ഫോമിൽ പെട്ടി സാധനങ്ങൾ ഇറക്കിവെച്ച ഉടനെ കൂലി എത്രയാണെന്ന് ചോദിച്ചു.

"ഹം ജമാഅത്ത് വാലോം സെ പൈസാ നഹീ ലേത്താ ഹൈ" (ഞങ്ങൾ ജമാഅത്തുകാരോട് പൈസ വാങ്ങാറില്ല) എന്ന് പറഞ്ഞ് തിരിച്ചു നടക്കാൻ തുടങ്ങിയപ്പോൾ നിർബന്ധപൂർവം ഞങ്ങൾ അവരുടെ പോക്കറ്റിൽ പണം ഇട്ടുകൊടുത്തു. സമ്മേളനത്തിലെ വളണ്ടിയർമാരോ മറ്റോ ആയിരിക്കുമോ എന്ന സംശയത്തിൽ നിങ്ങൾ ദൽഹിക്കാരാണോ എന്ന് ചോദിച്ചപ്പോൾ ബീഹാറുകാരാണെന്ന് പറഞ്ഞ് അവർ തിരിച്ചു നടന്നു.

**അബ്ദുല്ല മുനഫർ**

---

നിർത്താൻ' എന്ന തുടർഭാഗം ഈ അഭിപ്രായത്തിന് ബലം നൽകുന്നുമുണ്ട്. കാരണം, കഅ്ബാ നിർമാണത്തിന് ശേഷമാണല്ലോ അതിനുള്ള സൗകര്യമുണ്ടാകുന്നത്. മറ്റൊരു സാധ്യത ഭാവി മുന്നിൽ കണ്ടുകൊണ്ടാണ് ഇബ്റാഹീം നബിയുടെ ഈ പ്രസ്താവനയെന്നതാണ്. കാരണം ഹാജറയെയും ഇസ്മാഈലിനെയും കൂട്ടി മക്കയിലേക്ക് വരുമ്പോൾ തന്നെ അവിടെ നിർവഹിക്കാനുള്ള ദൗത്യത്തെക്കുറിച്ച് അദ്ദേഹത്തിന് ദിവ്യവെളിപാട് ലഭിച്ചിരുന്നു.

ഏതായാലും തെളിവുകളുടെ ബലാബലം പരിശോധിക്കുമ്പോൾ കഅ്ബാ നിർമാണം നടത്തിയത് ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയും ചേർന്നാണെന്ന് മനസ്സിലാക്കാനാണ് സാധിക്കുന്നത്. ഇസ്‌ലാം വെബിൽ (www.islamweb.net നമ്പർ 102778) തൽസംബന്ധമായി വന്ന ഒരു ചോദ്യത്തിനുള്ള ഉത്തരം ഇങ്ങനെ വായിക്കാം: "പ്രബലമായ അഭിപ്രായം കഅ്ബ ആദ്യമായി ഉണ്ടാക്കിയത് ഇബ്റാഹീം നബി(അ) ആണെന്നതാണ്. ആദം നബിയാണ് ഉണ്ടാക്കിയതെന്നും മലക്കുകളാണ് ഉണ്ടാക്കിയതെന്നും അഭിപ്രായമുണ്ട്." അതേ സൈറ്റിൽ തന്നെയുള്ള മറ്റൊരു ഉത്തരം ഇങ്ങനെയാണ് (നമ്പർ 117203): "ആരാണ് കഅ്ബ ആദ്യം നിർമിച്ചതെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഭൂരിഭാഗവും ഇബ്റാഹീം നബിയാണെന്ന അഭിപ്രായക്കാരാണ്. നാം ഇബ്റാഹീമിന് മന്ദിരത്തിന്റെ സ്ഥാനം നിർണയിച്ചുകൊടുത്തുവെന്ന (*അൽഹജ്ജ്* 26) സൂക്തമാണ് അവരുടെ തെളിവ്. മറ്റൊരു വിഭാഗം കഅ്ബ ഇബ്റാഹീം നബിക്ക് മുമ്പ് തന്നെ നിർമിക്കപ്പെട്ടിരുന്നുവെന്ന അഭിപ്രായക്കാരാണ്. പക്ഷേ, ആരാണ് നിർമിച്ചതെന്ന കാര്യത്തിൽ അവർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്.

ഈ രണ്ട് അഭിപ്രായങ്ങളിൽ ഏത് സ്വീകരിച്ചാലും കഅ്ബയുടെ ശ്രേഷ്ഠതക്കോ ഇബ്റാഹീം നബിയുടെ പദവിക്കോ യാതൊരു ഏറ്റക്കുറച്ചിലുമുണ്ടാകില്ലെന്ന് കൂടി സൂചിപ്പിക്കട്ടെ. ഒരു വൈജ്ഞാനിക ചർച്ചയെന്നതിലപ്പുറം ഇതിന് പ്രസക്തിയില്ല.

**എ.കെ അബ്ദുന്നാസിർ**
**ദോഹ, ഖത്തർ**

## പരിണാമവാദവും ഭൗതിക വാദികളും

**പരിണാമവാദത്തിന്റെ** ദൗർബല്യങ്ങളിലേക്കും അശാസ്ത്രീയതയിലേക്കും വിരൽ ചൂണ്ടുന്ന പ്രഫ. പി.എ വാഹിദിന്റെ ലേഖനം (ലക്കം 21) ശ്രദ്ധേയമായി. ഡാർവിന്റെ പരിണാമവാദം, ഈ പദപ്രയോഗം സൂചിപ്പിക്കുന്നത് പോലെ കേവലമായ ഒരു വാദം മാത്രമാണ്; ശാസ്ത്രീയ സത്യമല്ല. ഹൈഡ്രജനും ഓക്സിജനും ചേർന്നാൽ വെള്ളമുണ്ടാവുമെന്ന് പറയുന്നതു പോലെയോ, ഐസക് ന്യൂട്ടന്റെ ഭൂഗുരുത്വാകർഷണ സിദ്ധാന്തം പോലെയോ ആണ്, കുരങ്ങിൽനിന്ന് മനുഷ്യൻ ഉണ്ടായെന്നു പറയുന്ന പരിണാമവാദം എന്ന് പറഞ്ഞാൽ അതൊരിക്കലും ഒരു ശാസ്ത്രീയ സത്യം ആവുകയില്ല. പരിണാമ വാദത്തിനെതിരെ അതിന്റെ തുടക്കം മുതൽ തന്നെ പ്രതിവാദവും ഉണ്ടായിട്ടുണ്ട്. തൽസംബന്ധമായി നടന്ന ഗവേഷണങ്ങൾ പരിണാമവാദത്തിന്റെ അടിത്തറ ഇളക്കിയിട്ടുണ്ട്. ഒരു ഉദാഹരണമിതാ: "ജർമനിയിലെ 'നിയാണ്ടർ താൽ' എന്ന സ്ഥലത്ത് നിന്നും ലഭിച്ച പുരാതനവും വികൃതവുമായ തലയോടുകളുടെ ഉടമസ്ഥന്മാരെ പരിണാമ പ്രക്രിയയിലെ കുരങ്ങിനും മനുഷ്യനുമിടക്കുള്ള കണ്ണിയായാണ് കണക്കാക്കിയിരുന്നത്. കുരങ്ങിന്റെ മുഖത്തോട് സാദൃശ്യ

മുള്ള മുഖമായിരുന്നു അവർക്ക്. എന്നാൽ എക്സറേ പരിശോധനക്ക് വിധേയമാക്കിയപ്പോൾ ആ തലയോടുകൾ 'റിക്കറ്റ്സ്' ബാധിച്ച മനുഷ്യരുടേതാണെന്ന് കണ്ടെത്തി" (Science Today, March 1971). ഡാർവിൻ സിദ്ധാന്തത്തിന്റെ ഏറ്റവും പ്രബലമെന്ന് കരുതിയിരുന്ന നിഗമനമാണ് ഈ കണ്ടെത്തലിലൂടെ തകർന്നത്. മെൻഡൽ ഉന്നയിച്ച പാരമ്പര്യ വാദത്തെ ജീവശാസ്ത്രം അംഗീകരിച്ചതോടെ പരിണാമവാദത്തിന് ഏറെ ക്ഷതമേൽക്കുകയുണ്ടായി. കുരങ്ങിൽനിന്നും പരിണമിച്ചാണ് മനുഷ്യൻ ഉണ്ടായതെന്ന ഡാർവിൻ സിദ്ധാന്തം ശുദ്ധ ഭോഷ്കാണെന്ന് ഏഷ്യാറ്റിക് സൊസൈറ്റിയിൽ പ്രസംഗിക്കവെ, ദിവംഗതനായ നമ്മുടെ മുൻ രാഷ്ട്രപതി സെയിൽസിംഗ് ഒരിക്കൽ പറയുകയുണ്ടായി.

പരിണാമവാദത്തിന്റെ മറ പിടിച്ച്, ഭൗതികവാദികൾ ഈശ്വരവിശ്വാസികൾക്കെതിരെ വാളുയർത്താറുണ്ട്. ദൈവത്തിന്റെയും മതത്തിന്റെയും അടിത്തറ പരിണാമവാദം തകർത്തിട്ടുണ്ടെന്നാണ് അവരുന്നയിക്കുന്ന വിതണ്ഡ വാദം. *ദേശാഭിമാനി* പത്രം ഒരിക്കൽ എഴുതിയതിങ്ങനെ: "പരിണാമവാദം അംഗീകരിച്ചാൽ മനുഷ്യന്റെ സ്രഷ്ടാവ് ദൈവമല്ല; ജീവനിൽ കോടാനുകോടി കൊല്ലങ്ങൾക്കുള്ളിൽ ഏറെ പരിണാമം വരുത്തിയ കാലമാണ് എന്ന് സമ്മതിക്കേണ്ടിവരും. അത് അംഗീകരിച്ചാൽ ബൈബിളും ഖുർആനും മറ്റും ഒരു തെറ്റുമില്ലാത്ത ദൈവികവചനമാണെന്ന വാദം ഉപേക്ഷിക്കേണ്ടിവരും" (*ദേശാഭിമാനി* മുഖപ്രസംഗം 1984 ഏപ്രിൽ 28). പരിണാമവാദം ശരിയെന്ന് വാദത്തിനു വേണ്ടി അംഗീകരിച്ചാൽ പോലും അത് മാർക്സിസ്റ്റാദി-നാസ്തിക-യുക്തിവാദി സംഘങ്ങൾ പറയുംപടി, ദൈവാസ്തിത്വത്തിന്റെ നിരാകരണമാവുന്നതെങ്ങനെ? എല്ലാ പരിണാമങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്ന അദൃശ്യമായ മഹാശക്തിയെ അംഗീകരിക്കാൻ മനുഷ്യൻ നിർബന്ധിതനാവുകതന്നെ ചെയ്യും. അതുകൊണ്ട് തന്നെയാണല്ലോ പരിണാമസിദ്ധാന്തത്തിന്റെ കർത്താവായ സാക്ഷാൽ ഡാർവിൻ പോലും ബുദ്ധിക്കും യുക്തിക്കും അതീതനായ ഒരു ദൈവമുണ്ടെന്ന് സമ്മതിച്ചതായി അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ആർതർ കോയ്സലർ രേഖപ്പെടുത്തിയത്.

ശാസ്ത്രീയ സത്യമെന്ന് തെളിയിക്കപ്പെട്ടിട്ടില്ലാത്ത കേവലം ഒരു വാദഗതി മാത്രമായ പരിണാമ സിദ്ധാന്തത്തെ കണ്ണുചിമ്മി വാരിപ്പുണരാൻ ദൈവനിഷേധികളായ ഭൗതികവാദികളെ പ്രേരിപ്പിക്കുന്ന വികാരമെന്തെന്നല്ലേ? ഇക്കാര്യം സർ ആർതർ കെയ്റ്റ് എന്ന ശാസ്ത്രജ്ഞൻ മറയില്ലാതെ നമുക്ക് വ്യക്തമാക്കിത്തരുന്നത് നോക്കൂ. "പരിണാമവാദം തെളിയിക്കപ്പെട്ടിട്ടില്ല. തെളിയിക്കാൻ കഴിയുകയുമില്ല. ഞങ്ങൾ അതിൽ വിശ്വസിക്കുന്നത് എന്തുകൊണ്ടെന്നാൽ അത് വിശ്വസിച്ചില്ലെങ്കിൽ ദൈവം സൃഷ്ടിച്ചു എന്ന് വിശ്വസിക്കേണ്ടിവരും. അത് ഞങ്ങൾക്ക് ചിന്തിക്കാൻ പോലും വയ്യ" (പരിണാമവാദം ശാസ്ത്ര ദൃഷ്ടിയിൽ, പേജ് 48).

**റഹ്മാൻ മധുരക്കുഴി**

## വെബിലെ 'ധൂളി'വാർത്ത

**'ആസിയയെ** വധിക്കുന്നവർക്ക് പ്രതിഫലവുമായി ജമാഅത്ത് നേതാവ്.' ഗൂഗിൾ ന്യൂസിൽ 'ജമാഅത്തെ ഇസ്‌ലാമി'യുടെ റിസൾട്ടിൽ വന്ന ഒരു വാർത്തയാണിത്. വാർത്ത തുടരുന്നു: 'ലാഹോർ: ദൈവനിന്ദയുടെ പേരിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട ക്രിസ്ത്യൻ വീട്ടമ്മ ആസിയ ബീബിയെ വധിക്കുന്നവർക്ക് പ്രതിഫലം നൽകാമെന്ന വാഗ്ദാനവുമായി ജമാഅത്ത് പുരോഹിതൻ രംഗത്ത്. പെഷവാറിലെ മൊഹമ്മത് ഖാൻ മസ്ജിദിലെ പുരോഹിതനായ മൗലാനാ യൂസഫ് ഖുറേഷിയാണ് തുക വാഗ്ദാനം ചെയ്തത്. ജമാഅത്തെ ഇസ്‌ലാമി പാർട്ടിയുടെ റാലിയിൽ സംസാരിക്കുമ്പോഴാണ് ഖുറേഷി പ്രഖ്യാപനം നടത്തിയത്.'

വാർത്ത പ്രസിദ്ധീകരിച്ചത് doolnews.com എന്ന മലയാളം വെബ് ന്യൂസ് പോർട്ടലാണ്. സൈറ്റിനെ പരിചയപ്പെടുത്തുന്ന വിശദ ലേഖനം തുടങ്ങുന്നതിപ്രകാരമാണ്: "അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കാതെയും പറയേണ്ട കാര്യങ്ങൾ സമയത്ത് പറയാതെയും തലയുയർത്തിപ്പിടിക്കേണ്ടപ്പോൾ തല കുനിക്കുകയും കുനിയാൻ പറഞ്ഞാൽ മുട്ടിലിഴയുകയും ചെയ്യുന്ന ഇന്നത്തെ മാധ്യമ സംസ്കാരത്തിന് ബദൽ." ബാബു ഭരദ്വാജിന്റെ പേരാണ് ചീഫ് എഡിറ്റർ സ്ഥാനത്തുള്ളത്.

2010 ഡിസംബർ 4-ന് വന്ന വാർത്തക്ക് പ്രതികരണങ്ങളും വന്നു തുടങ്ങി. പാക് ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയിൽ നിന്ന് തികച്ചും വ്യത്യസ്തമാണെന്നാണ് ആദ്യ പ്രതികരണം. പുരോഹിതർ മതങ്ങളെ അപഹസിക്കുകയും പരിഹസിക്കുകയുമാണെന്ന് അടുത്തത്. ഈ വാർത്ത ഫേയ്ക് ആണെന്നും സോഴ്സ് ഇല്ലെന്നും അജിത് എന്നയാൾ കമന്റിട്ടു. സോഴ്സ് അടിയന്തരമായി വെളിപ്പെടുത്താനാവശ്യപ്പെട്ട് ഈയുള്ളവനും ഒരു കുറിപ്പിട്ടു. മറുപടിയില്ല.

വിഷയം അന്വേഷിച്ചപ്പോൾ ഉറവിടം ലഭിച്ചു. മൗലാനാ യൂസുഫ് ഖുറേഷി എന്ന പേരിലൊരു നേതാവ് ജമാഅത്തെ ഇസ്‌ലാമിയിലില്ല. പ്രകടനമാവട്ടെ ജംഇയ്യത്തുൽ ഉലമായെ പാകിസ്താൻ എന്ന രാഷ്ട്രീയ പാർട്ടി ഡിസംബർ 3-ന് പെഷവാറിൽ നടത്തിയതാണ്. വധിക്കുന്നവന് റാലിയിൽ വെച്ച് 6000 ഡോളർ ഇനാം പ്രഖ്യാപിച്ച മൗലാനാ യൂസുഫ് ഖുറേഷി താലിബാൻ അനുകൂല വക്താവും തീവ്ര ദയൂബന്ദി മുല്ലയുമാണെന്നും റിപ്പോർട്ടിൽ കാണാം.

അറബിയിലും ഉർദുവിലും പേരുള്ള സംഘടനകളിൽ മിക്കതിലും ജമാഅത്തും ഇസ്‌ലാമുമെല്ലാം ഉണ്ടാവും. അതെല്ലാം ജമാഅത്തെ ഇസ്‌ലാമിയല്ലെന്ന് അന്വേഷണ പത്രപ്രവർത്തകരറിഞ്ഞാൽ കൊള്ളാം.

**കെ സുഹൈറലി**
**zuhairalik@gmail.com**

## പരിഭാഷയിലെ പിശക്

**ഡിസംബർ** 4-ലെ *പ്രബോധനം* വാരികയിൽ സദ്റുദ്ദീൻ വാഴക്കാട് എഴുതിയ 'മുഹമ്മദ് നബിയുടെ മദീനാ പലായനം യുഗപ്പിറവിയുടെ വിളംബരം' എന്ന ലേഖനത്തിൽ (പേജ് 35) ഉദ്ധരിച്ച സൂറത്ത് *അൻഫാലി*ലെ 30-ാമത്തെ സൂക്തം തെറ്റായാണ് ഭാഷാന്തരം ചെയ്തിരിക്കുന്നത്. 'സത്യനിഷേധികൾ' എന്നതിനു പകരം 'സത്യവിശ്വാസികൾ' എന്നാണ് ചേർത്തിരിക്കുന്നത്. വിശുദ്ധ ഖുർആൻ ഭാഷാന്തരം കൊടുക്കുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തണമെന്ന് ഉണർത്തുന്നു.

**സലീം അബ്ദുൽ ജബ്ബാർ അഞ്ചൽ**
**അൽഖോബാർ**